കേരള സർക്കാർ

നം. 27139/എച്ച്3/11/പൊ.മ.വ.

പൊതുമരാമത്ത് (എച്ച്) വകുപ്പ്
തിരുവനന്തപുരം, തീയതി 23.12.2011

## സർക്കുലർ

വിഷയം:- പൊ.മ.വ. - ടെണ്ടറുകൾ, മാതൃകാ ടെണ്ടറുകൾ, ടെണ്ടർ ഷെഡ്യൂളുകൾ - തുടങ്ങിയ രേഖകൾ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:- ജി.ഒ. (ആർ.റ്റി) നം. 1245/10/പൊ.മ.വ., തീയതി 02.08.2011

മേൽ സൂചന പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും ക്ഷണിക്കുന്ന ടെണ്ടറുകളും മാതൃകാ ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും ഉൾപ്പെടെ വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തണം എന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇങ്ങനെ പരസ്യപ്പെടുത്തുന്ന ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും കരാറുകാർക്ക് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് മറ്റ് രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസിലേക്ക് അംഗീകൃത കൊറിയർ വഴിയോ പോസ്റ്റ് ഓഫീസ് വഴിയോ സമർപ്പിക്കാവുന്നതാണ് എന്നും നിർദ്ദേശിച്ചിരുന്നു.

എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചില ഓഫീസുകൾ ഇപ്പോഴും ടെണ്ടറുകളും മാതൃകാ ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ക്ഷണിക്കുന്ന എല്ലാ ടെണ്ടറുകളും മാതൃകാ ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും ഉൾപ്പെടെ വകുപ്പിന്റെ വെബ്സൈറ്റിൽ (www.keralapwd.gov.in) നിർബന്ധമായും പ്രസിദ്ധപ്പെടുത്തണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

മേൽപ്പറഞ്ഞ കാര്യം നിരീക്ഷിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള ഐ.റ്റി. സെല്ലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതും വീഴ്ചകൾ വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പി.ആർ. ശ്രീകുമാർ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഭരണം/ ദേശീയ പാത/ നിരത്ത് വിഭാഗം/ കെട്ടിട വിഭാഗം

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)

എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ്:-

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുമരാമത്ത് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

പൊതുമരാമത്ത് ജോയിന്റ് സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ